# <u>കരാർ ഉടമ്പടി</u>

(200 രൂപ മുദ്രപ്പത്രത്തിൽ)

രണ്ടായിരത്തി ഇരുപത്തിയഞ്ചാമാണ്ട് ……………………. മാസം……………… തീയതി………………………………. ജില്ലയിൽ ……………………………. താലൂക്കിൽ ……………….…………… വില്ലേജിൽ ………………………………… വീട്ടിൽ …………………………………………………മകൻ/മകൾ ………………………………………കേരള ഗവർണ്ണർക്കുവേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഒപ്പുവക്കുന്ന കരാർ ഉടമ്പടി. **16.02.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 18/2013/പി.സ.വി.വ പ്രകാരവും 16-12-2024 ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ BCDIR/551/2024(1)-B2 നമ്പർ വിജ്ഞാപന പ്രകാരവും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ………………………………തീയതിയിലെ ………………………………………………………നമ്പർ നടപടി ഉത്തരവ്/അറിയിപ്പ്** പ്രകാരവും പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ഞാൻ ചുവടെ

രേഖപ്പെടുത്തുന്ന വ്യവസ്ഥകൾക്ക് വിധേയമായി 25,000/- രൂപ ആദ്യഗഡുവായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും ബാങ്ക് അക്കൌണ്ട് മുഖേന സ്വീകരിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1. ടി തുക മൺപാത്ര നിർമ്മാണത്തിനുള്ള വർക്ക് ഷെഡ്/ചൂള നിർമ്മിക്കുന്നതിനും, നവീകരിക്കുന്നതിനും ചക്രങ്ങൾ സ്ഥാപിക്കുന്നതിനും/മണ്ണരയ്ക്കുന്ന യന്ത്രം സ്ഥാപിക്കുന്നതിനും/മറ്റ് യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിനും ചെലവഴിക്കുന്നതാണ്.

2. ടി തുകയോടൊപ്പം 25,000/- രൂപയിൽ കുറയാത്ത തുകയ്ക്കു കൂടിയുള്ള വിനിയോഗം അടക്കം 1,00,000/- രൂപയിൽ കുറയാത്ത തുക , പണം കൈപ്പറ്റി 45 ദിവസത്തിനുള്ളിൽ ചെലവഴിക്കേണ്ടതും ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കുന്നതാണ്.

3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയറോ/എഞ്ചിനീയറോ മറ്റ് ഏതെങ്കിലും ലൈസെൻസ്ഡ് എൻജിനീയറോ വിനിയോഗം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4. കൈപ്പറ്റിയ ധനസഹായം മുഴുവനായോ ഭാഗികമായോ കളിമൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ടല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുകയാണെങ്കിൽ പ്രസ്തുത തുക മുഴുവനും ഒന്നിച്ച് തിരികെ അടയ്ക്കുന്നതാണ്; അല്ലാത്ത പക്ഷം ഈടാക്കുവാൻ പിന്നാക്ക വിഭാഗ വികസന വകുപ്പിനു/സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

5. മേൽപ്പറഞ്ഞ പ്രകാരം തുക സർക്കാരിന് തിരികെ ഈടാക്കേണ്ടി വരികയാണെങ്കിൽ അതത് കാലത്തെ നിലവിലിരിക്കുന്ന റവന്യൂ റിക്കവറി നടപടികൾ മുഖേന പ്രസ്തുത തുക ഗുണഭോക്താവിൻറെ ആസ്തിയിൽ നിന്നോ, കുടുംബാംഗങ്ങളിൽ നിന്നോ (സ്ഥാവര – ജംഗമ വസ്തുക്കൾ) ഈടാക്കുന്നതാണ്.

6. ഈ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും മൺപാത്ര നിർമ്മാണ ധനസഹായം കൈപ്പറ്റിയിട്ടുണ്ടെന്ന് വകുപ്പിന് ബോധ്യപ്പെട്ടാൽ നാളിതുവരെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൈപ്പറ്റിയ തുക മുഴുവൻ പലിശ സഹിതം തിരിച്ചടക്കുന്നതാണ്.

താഴെ പറയുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ, മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ സമ്മതിച്ച് ഈ ധാരണാപത്രത്തിൽ ………………വർഷം……………… മാസം……………………… തീയതി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

**ഗുണഭോക്താവ് :**

**(പേരും ഒപ്പും)**

**ഡെപ്യൂട്ടി ഡയറക്ടർ :**

**(പേരും ഒപ്പും)**

സാക്ഷികൾ

| പേര് | മേൽവിലാസം | ഒപ്പ് |
|---|---|---|
| 1) | | |
| 2) | | |